# INTRODUCTION

കർത്താവിൽ പ്രീയരെ !

'വചനത്തിലെ വനിതകൾ' എന്ന പഠന പരമ്പര 'bible study.co.in'ൽ ആരംഭിപ്പാൻ കൃപ ചെയ്ത ദൈവത്തിന് നന്ദി. ആരംഭം കുറിക്കുംമുമ്പ് ചില വേദവചനങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. "................ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ .................... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു."

ഉല്പ: (1:27)

"മിര്യാം എന്ന പ്രവാചകി തപ്പ് എടുത്തു, സ്ത്രീകൾ എല്ലാവരും ............ പുറ:(15:20)

"...........ശൂരൻ പട്ടണം ആർത്ത് സന്തോഷിച്ചു..............ആനന്ദവും ബഹുമാനവും ഉണ്ടായി" എസ്ഥേർ(8:16)

"...........ഞാൻ സ്ത്രീയോട് പറഞ്ഞതൊക്കെയും അവൾ സൂക്ഷിക്കട്ടെ" ---ന്യായാ:(13:13)

Read യോഹ:4:30,31 കൂടാതെ (39-41)

ഈ വാക്യങ്ങൾ ശ്രദ്ധിച്ചാൽ, സൃഷ്ടിപ്പിൽ ദൈവം സ്ത്രീയ്ക്കും, പുരുഷനും തുല്യത നൽകിയതായി കാണാം. കൂടാതെ ശത്രുവിൽ നിന്ന് രക്ഷിച്ചതിന് നന്ദികരേറ്റുന്ന ആരാധനയ്ക്ക് നേതൃത്വം നൽകുന്ന മിര്യാം എന്ന സഹോദരിയെ പിന്നീട് കാണുന്നു.

ഒരു സമൂഹത്തിനു വേണ്ടി ഇടിവിൽ നില്ക്കുവാൻ, കർത്താവിന്റെ പാദപീഠത്തിലിരുന്ന് പഠിയ്ക്കുവാനുംപ്രാർത്ഥിപ്പാനും സ്ത്രീകൾ പുരുഷൻമാരേക്കാൾ വേഗത്തിൽ സമയം കണ്ടെത്തുന്നു. യേശു പുരുഷൻമാരെ മാത്രമല്ല സ്ത്രീകളേയും തന്റെ ശിഷ്യരാക്കിയിരുന്നു.

സാമർത്ഥ്യമുള്ള ഭാര്യമാരായും , സഹോദരിമാരായും , അമ്മമാരായും കർമ്മ പഥങ്ങളിൽ മുന്നേറുവാൻ ഈ വചന പഠനം സഹായിക്കട്ടെ. പ്രാർത്ഥിപ്പാനും , പ്രവർത്തിപ്പാനും , പ്രയോജനമുള്ള വ്യക്തികളായി പ്രതിഫലം വാങ്ങുവാനും ഈ പരമ്പര നിങ്ങളെ സഹായിക്കട്ടെ. മലയാളഭാഷയിൽ തന്നെ ഈ പഠനം വേണമെന്നാവശ്യപ്പെട്ടതിന് നന്ദി. ഇത് പൂർത്തിയാക്കുവാൻ ദൈവകൃപയ്ക്കായി നിങ്ങളും പ്രാർത്ഥിക്കുമല്ലോ

എന്ന്,

കർത്താവിൽ നിങ്ങളുടെ സഹോദരി

Santhamma Varghese
(FOR BIBLE STUDY TEAM)